സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# അനുതാപത്തിന്റെ അഗ്നിശുദ്ധി: മാഗിയും മഗ്ദലനമറിയവും – ഒരു താരതമ്യ വിശകലനം

**ഡോ. ദീപാമോൾ മാത്യു***



**സംഗ്രഹം**

മലയാള സാഹിത്യത്തിൽ ബൈബിൾ പ്രമേയങ്ങളെ ആസ്പദമാക്കി രചിക്കപ്പെട്ട കാവ്യങ്ങൾ ആത്മീയതയുടെയും മാനുഷിക അനുഭവങ്ങളുടെയും സങ്കീർണ്ണമായ സമന്വയമാണ്. വള്ളത്തോളിന്റെ മഗ്ദലനമറിയം എന്ന ഖണ്ഡകാവ്യവും സിസ്റ്റർ മേരി ബനീഞ്ഞയുടെ മാഗി എന്ന ഖണ്ഡകാവ്യവും പശ്ചാത്താപം, മാനസാന്തരം, ദൈവകാരുണ്യം എന്നീ പ്രമേയങ്ങളെ കേന്ദ്രമായി സ്വീകരിച്ചുകൊണ്ട് സ്ത്രീജീവിതത്തിന്റെ ആത്മീയ പരിവർത്തനത്തെ അവതരിപ്പിക്കുന്നു. ഒരു പുരുഷ കവി സ്ത്രീ കഥാപാത്രത്തെ നോക്കിക്കാണുന്ന രീതിയും, ഒരു സന്യാസിനി അതേ പ്രമേയത്തെ സ്ത്രീത്വത്തിന്റെ ആന്തരിക അനുഭവങ്ങളിലൂടെ സമീപിക്കുന്നതും തമ്മിലുള്ള വ്യത്യാസങ്ങളാണ് ഈ പഠനം വിശകലനം ചെയ്യുന്നത്. സാമൂഹികമായി അപലപിക്കപ്പെട്ട സ്ത്രീകഥാപാത്രങ്ങളുടെ ആത്മപരിവർത്തനമാണ് ഇരു കാവ്യങ്ങളുടെയും കേന്ദ്രവിഷയം. അനുതാപം ഒരു ദൗർബല്യമല്ല, മറിച്ച് ആത്മീയ അഗ്നിശുദ്ധിയാണെന്ന നിലപാടാണ് പ്രബന്ധത്തിന്റെ കേന്ദ്രവാദം.

**താക്കോൽവാക്കുകൾ (Keywords):** അനുതാപം, വീണ്ടെടുപ്പ്, ക്രിസ്തീയ ആത്മീയത, മിസ്റ്റിസിസം, സ്ത്രീകർത്തൃത്വം, താരതമ്യസാഹിത്യവിശകലനം, ബൈബിൾ പ്രമേയം.

## ആമുഖം

മലയാള സാഹിത്യത്തിൽ ബൈബിൾ പ്രമേയങ്ങൾ സ്വീകരിച്ചുകൊണ്ട് രചിക്കപ്പെട്ട കൃതികൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. മതഗ്രന്ഥങ്ങളിൽ നിന്നുയരുന്ന ധാർമ്മിക ആശയങ്ങൾ കാവ്യരൂപത്തിൽ പുനർവായിക്കപ്പെടുമ്പോൾ അവ വ്യക്തിപരമായ അനുഭവങ്ങളെയും സാർവലൗകിക മൂല്യങ്ങളെയും ഒരേസമയം സ്പർശിക്കുന്നു. പശ്ചാത്താപം, പാപബോധം, മോചനം, ദൈവകാരുണ്യം തുടങ്ങിയ ആശയങ്ങൾ മനുഷ്യജീവിതത്തിന്റെ അന്തർധാരകളെ ആഴത്തിൽ പ്രതിഫലിപ്പിക്കുന്നു.

* അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, നിർമലഗിരി കോളേജ്
ഫോൺ: 9497447779, ഇ മെയിൽ: deepamol727@gmail.com

ഈ പശ്ചാത്തലത്തിലാണ് വള്ളത്തോളിന്റെ മഗ്ദലനമറിയം എന്ന ഖണ്ഡകാവ്യവും സിസ്റ്റർ മേരി ബനീഞ്ഞയുടെ മാഗി എന്ന ഖണ്ഡകാവ്യവും പ്രാധാന്യമാർജ്ജിക്കുന്നത്. ബൈബിളിലെ മഗ്ദലനമറിയത്തിന്റെ കഥയെ ആസ്പദമാക്കിയ വള്ളത്തോളിന്റെ കാവ്യവും മാർഗരീത്ത ഓഫ് കോർട്ടോണയുടെ ജീവിതം ആസ്പദമാക്കി രചിക്കപ്പെട്ട മാഗിയും പാപത്തിൽ നിന്ന് വിശുദ്ധിയിലേക്കുള്ള സ്ത്രീകളുടെ ആത്മീയ യാത്രയെ അവതരിപ്പിക്കുന്നു. എന്നാൽ കർതൃത്വഭേദം, ദർശനവ്യത്യാസം, ഭാഷാശൈലി എന്നിവ ഈ യാത്രയുടെ അവതരണത്തിൽ പ്രകടമായ വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു.

## ഇതിവൃത്ത വിശകലനം – മഗ്ദലന മറിയം

മഗ്ദലനമറിയം എന്ന ഖണ്ഡകാവ്യത്തിന്റെ ഇതിവൃത്തം ഒരു സ്ത്രീയുടെ പാപജീവിതത്തിൽ നിന്ന് ആത്മീയ ശുദ്ധിയിലേക്കുള്ള ആന്തരിക പരിവർത്തനത്തിന്റെ യാത്രയാണ്. വള്ളത്തോൾ നാരായണമേനോൻ ബൈബിളിലെ മഗ്ദലന മറിയത്തിന്റെ കഥയെ ആസ്പദമാക്കി രചിച്ച ഈ കാവ്യം സമൂഹത്തിൽ പാപിനിയെന്ന് മുദ്രകുത്തപ്പെട്ടിരുന്ന ഒരു സ്ത്രീയുടെ ജീവിതത്തിൽ സംഭവിക്കുന്ന ആത്മീയ ഉണർവ്വിനെ ദൃശ്യവൽക്കരിക്കുന്നു. ഭൗതികസുഖങ്ങളിലും സൗന്ദര്യാഭിമാനത്തിലും മുഴുകിയിരുന്ന മറിയം, യേശു ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ തന്റെ പാപപങ്കിലമായ ജീവിതത്തെ തിരിച്ചറിയുന്നു. അതിന്റെ ഫലമായി അവൾ ക്രിസ്തുവിന്റെ പാദങ്ങളിൽ വീണു കണ്ണുനീർ പൊഴിക്കുന്നു. ഈ കണ്ണുനീർ അനുതാപത്തിന്റെ പ്രതീകമായി മാറി അവളുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നു. സമൂഹം നിരസിച്ച അവളെ ദൈവം കരുണയോടെ സ്വീകരിക്കുന്നതോടെ പാപിനിയായിരുന്ന മറിയം ഭക്തയായിത്തീരുന്നു. ഇങ്ങനെ പാപം–പശ്ചാത്താപം–ക്ഷമ–മോചനം എന്ന ക്രമത്തിൽ പുരോഗമിക്കുന്ന ആത്മീയ യാത്രയാണ് ഈ കാവ്യത്തിന്റെ ഇതിവൃത്തം.

## ഇതിവൃത്ത വിശകലനം – മാഗി

ഇറ്റലിയിൽ ഒരു കർഷക കുടുംബത്തിലാണ് മാഗിയുടെ ജനനം. മാഗി എന്ന മാർഗരീത്തയ്ക്ക് കുട്ടിക്കാലത്തുതന്നെ അമ്മയെ നഷ്ടപ്പെട്ടു. രണ്ടാനമ്മയുടെ സ്നേഹമില്ലാത്ത പെരുമാറ്റം മാഗിക്ക് താങ്ങാനാകുമായിരുന്നില്ല. തുടർന്ന് തന്നോട് സ്നേഹം പ്രകടിപ്പിച്ച ഒരു യുവാവിനൊപ്പം ഒളിച്ചോടി വിവാഹം കഴിക്കാതെ ജീവിതം ആരംഭിച്ചു. അവർക്ക് ഒരു കുട്ടി ഉണ്ടായ ശേഷം അവളുടെ കാമുകൻ കൊല്ലപ്പെടുന്നു. അതോടെ മാഗിയുടെ ജീവിതം ദുസ്സഹമായി. കൈക്കുഞ്ഞിനെ കൈയിലെടുത്ത് അവൾ സ്വന്തം വീട്ടിലെത്തിയെങ്കിലും അവളോട് വീട്ടുകാർ കനിവു കാട്ടിയില്ല. അവൾ ദൈവത്തെ വിളിച്ചു കരഞ്ഞു. ദൈവ നിയോഗത്താൽ കൊർത്തോനിയായിലെ ഫ്രാൻസിസ്കൻ സഭ അവളെ സ്വീകരിക്കുന്നു. അവിടെ ആത്മശുദ്ധിയുടെ പാത സ്വീകരിച്ച് അവൾ രോഗികൾക്കും ദരിദ്രർക്കും വേണ്ടി ജീവിതം സമർപ്പിക്കുകയും പിന്നീട് മർഗരീത്ത എന്ന പുതിയ പേര് സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഉപവാസം, പ്രാർത്ഥന, ആത്മപരിശോധന എന്നിവയിലൂടെ വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ നടന്നു. ക്രിസ്തുവിനോടുള്ള ആഴത്തിലുള്ള ബന്ധം അവൾക്ക് ദൈവികാനുഭവങ്ങളും ദർശനങ്ങളും നൽകി. ആത്മീയ ജീവിതത്തിന്റെ ഒടുവിൽ അവൾ വിശുദ്ധയായി അറിയപ്പെട്ടു.

## പ്രമേയപരമായ സമാനതകൾ:

പ്രമേയപരമായ സമാനതകളെ വിലയിരുത്തുമ്പോൾ, മാഗിയും മഗ്ദലനമറിയവും ആത്മപരിവർത്തനത്തെ കേന്ദ്രമാക്കി വികസിക്കുന്ന കാവ്യങ്ങളാണെന്നത് വ്യക്തമാണ്. സിസ്റ്റർ മേരി ബനീഞ്ഞയുടെ മാഗിയിൽ ആത്മസംഘർഷവും മിസ്റ്റിക് ലയനവുമാണ് മുൻനിരയിൽ പ്രത്യക്ഷപ്പെടുന്നത് എങ്കിൽ, വള്ളത്തോൾ നാരായണമേനോൻ രചിച്ച മഗ്ദലനമറിയത്തിൽ പശ്ചാത്താപത്തിന്റെ നാടകീയതയും ദൈവിക കരുണയുടെ മഹിമയും കൂടുതൽ ഊന്നിപ്പറയപ്പെടുന്നു. എന്നാൽ ഇരു കാവ്യങ്ങളുടെയും ആത്മാവ് ഒരേ ദിശയിലാണ് സഞ്ചരിക്കുന്നത്, പാപബോധത്തിൽ നിന്ന് ദൈവസന്നിധിയിലേക്കുള്ള മടക്കയാത്ര. മഗ്ദലനമറിയവും മാഗിയും കൈകാര്യം ചെയ്യുന്ന കേന്ദ്രപ്രമേയം മാനസാന്തരമാണ്. പാപബോധത്തിൽ നിന്നുയരുന്ന പശ്ചാത്താപവും അതിലൂടെ ലഭിക്കുന്ന ആത്മീയ ശുദ്ധീകരണവുമാണ് രണ്ട് കാവ്യങ്ങളുടെയും അടിസ്ഥാനധാര. ബൈബിളിലെ ധൂർത്തപുത്രന്റെ ഉപമപോലെ, വഴിതെറ്റിയ ആത്മാവ് വീണ്ടും ദൈവസന്നിധിയിലേക്കു മടങ്ങിവരുന്ന പ്രക്രിയയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഇരുകാവ്യങ്ങളിലുമുള്ള സ്ത്രീകൾ സാമൂഹികമായി അപലപിക്കപ്പെട്ടവരാണ്. പാപിനിയെന്ന മുദ്ര അവരുടെ വ്യക്തിത്വത്തെ മൂടുമ്പോഴും, ദൈവിക കരുണ അവരെ പുനർനിർമിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹനിർഭരമായ സാന്നിധ്യം മറിയത്തെയും മാഗിയെയും ആത്മപരിവർത്തനത്തിലേക്കു നയിക്കുന്ന

 ISSN No: 3049-0316 

ശക്തിയായി മാറുന്നു. സമൂഹത്തിന്റെ അവജ്ഞയും ദൈവത്തിന്റെ അംഗീകാരവും തമ്മിലുള്ള ഈ വൈരുധ്യമാണ് മാനസാന്തരത്തിന്റെ തീവ്രത വർധിപ്പിക്കുന്നത്.

സമൂഹത്തിൽ അപലപിക്കപ്പെട്ട സ്ത്രീകഥാപാത്രങ്ങൾ ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ ആത്മമൂല്യത്തെ തിരിച്ചറിയുകയും പുതിയ ആത്മീയ തിരിച്ചറിവ് സ്വന്തമാക്കുകയും ചെയ്യുന്നു. മഗ്ദലനമറിയത്തിൽ കണ്ണുനീർ അനുതാപത്തിന്റെ പ്രതീകമായി ആത്മശുദ്ധിയെ സൂചിപ്പിക്കുമ്പോൾ, മാഗിയിൽ സഹനവും ത്യാഗവുമാണ് ആത്മപരിഷ്കരണത്തിന്റെ മാർഗമായി പ്രത്യക്ഷപ്പെടുന്നത്. ഇരു കാവ്യങ്ങളിലും ദൈവിക സ്നേഹം ശിക്ഷയല്ല, മറിച്ച് പുനസ്ഥാപനമാണ്; സമൂഹം നിരസിച്ചവരെ ദൈവം സ്വീകരിക്കുന്ന ദർശനമാണ് അവയിൽ മുഖ്യമായും പ്രകടമാകുന്നത്. കൂടാതെ, ബൈബിളിലെ മഗ്ദലനമറിയത്തിന്റെ ജീവിതരേഖയും മാഗിയിലെ മാർഗരീത്തയുടെ ആത്മയാത്രയും തമ്മിലുള്ള ബന്ധം ഇരു കാവ്യങ്ങളെയും ഒരേ ആത്മീയ പരിസരത്തിൽ നിർത്തുന്നു. അതിനാൽ, അനുതാപം, ദൈവകൃപ, ആത്മപരിവർത്തനം, സ്ത്രീയുടെ ആത്മീയ പുനർജനനം എന്നീ പ്രമേയങ്ങൾ മാഗിയെയും മഗ്ദലനമറിയത്തെയും തമ്മിൽ സാരമായ സമാനതകളാൽ ബന്ധിപ്പിക്കുന്ന അടിസ്ഥാന ഘടകങ്ങളായി മാറുന്നു.

### ആഖ്യാനം പുരുഷ – സ്ത്രീ കർത്തൃത്വങ്ങളിൽ:

വള്ളത്തോളിന്റെ മഗ്ദലനമറിയം പുരുഷ കർത്തൃത്വത്തിൽ നിന്നുള്ള അവതരണമാണ്. പുരുഷന്റെ കണ്ണുകളിൽക്കൂടി വിലയിരുത്തപ്പെടുന്ന മറിയത്തിന്റെ സൗന്ദര്യവും അവളുടെ കണ്ണുനീരും നാടകീയമായ പശ്ചാത്താപ നിമിഷങ്ങളും കവിതയിൽ ശക്തമായി അടയാളപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ പശ്ചാത്തലമാണ് പ്രതിപാദ്യ വിഷയമെങ്കിലും ഈ കാവ്യത്തിൽ മഗ്ദലന മറിയം ഭൗതീക സൗന്ദര്യത്തിന്റെ ഒരു ദൃശ്യ–വൈകാരിക അനുഭവമായി വായനക്കാരന്റെ മുന്നിൽ അവതരിപ്പിക്കുകയാണ് കവി ചെയ്തിരിക്കുന്നത്. മണിപ്രവാള സാഹിത്യത്തിന്റെയും അച്ചീചരിതങ്ങളുടെയും വിവരണത്തുടർച്ച മറിയത്തിന്റെ അംഗോപാംഗ വർണനയിൽ കാണാം.

'കെട്ടഴിഞ്ഞോമന പൃഷ്ഠഭാഗത്തെയും
പുഷ്ട നിതംബപ്പരപ്പിനെയും
മൂടിക്കിടക്കുന്ന മുഗ്ധമാം കാർകുഴൽ
നീട്ടറ്റ നീലത്തഴയ്ക്കു തുല്യം.'

വള്ളത്തോൾ മറിയത്തിന്റെ സൗന്ദര്യത്തെ വർണ്ണിച്ചിരിക്കുന്ന രീതി പുരുഷാഖ്യാനത്തിൽ സ്ത്രീയുടെ ബാഹ്യ സൗന്ദര്യത്തെ ദൃശ്യ ബിംബമാക്കുന്ന പതിവ് ശൈലിയാണെന്ന് കാണാം.

അതേസമയം, സിസ്റ്റർ മേരി ബനീഞ്ഞയുടെ മാഗി സ്ത്രീയുടെ അകത്തളങ്ങളിൽ നടക്കുന്ന ആത്മീയ സംഘർഷങ്ങളെ മുൻനിർത്തുന്നു. മാഗിയുടെ പാപബോധം, ആത്മവേദന, സ്വയം ശിക്ഷിക്കുന്ന മനോഭാവം, ദൈവത്തോടുള്ള നിരന്തര സംവാദം എന്നിവ സ്ത്രീത്വത്തിന്റെ അനുഭവഭാഷയിലാണ് അവതരിപ്പിക്കപ്പെടുന്നത്.

മാഗിയെ കടുത്ത നിരാശയിലും ദുരിതത്തിലുമാണ് കാവ്യത്തിന്റെ ആദ്യ ഭാഗത്ത് ചിത്രീകരിച്ചിട്ടുള്ളത്. അതിൽ നിന്ന് അവൾ പ്രതീക്ഷയുടെ തുരുത്തിലേക്ക് കയറുന്നു. ക്രിസ്തുവിന്റെ ജീവിതത്തിന്റെയും ബൈബിളിന്റെയും ആകെത്തുകയായ സഹനത്തിൽ നിന്ന് സന്തോഷത്തിലേക്കോ കുരിശിൽ നിന്ന് കിരീടത്തിലേക്കോ ഒക്കെയാണ് മാഗിയുടെ യാത്ര. "ആർത്തയായ് വാഴുന്നൊരു സുന്ദരീരത്നം" എന്നാണ് അവൾ കാവ്യത്തിൽ വിശേഷിപ്പിക്കപ്പെടുന്നത്. അവളുടെ കരച്ചിൽ, അലങ്കോലമായ മുടി എന്നിവയെ "ളുമണിഗണംമർമ്മഭേദകംദൃശ്യംതന്നേ" എന്നും എഴുതപ്പെട്ടിരിക്കുന്നു. ഇവയെല്ലാം അവളുടെ ആഴത്തിലുള്ള ദുഃഖത്തെയും നിരാശയേയും സൂചിപ്പിക്കുന്നു. പുരുഷ ദൃഷ്ടിയിൽ നിന്ന് വ്യത്യസ്തമായി, ഇവിടെ സ്ത്രീ തന്റെ സ്വത്വത്തെ തിരയുകയും ആത്മീയ ചിന്തകളെ അവതരിപ്പിക്കുകയും ചെയ്യുന്നു.

### ഭാഷാശൈലി

മഗ്ദലനമറിയം എന്ന കാവ്യത്തിൽ വള്ളത്തോൾ നാരായണമേനോൻ ഉപയോഗിക്കുന്ന ഭാഷാശൈലി ക്ലാസിക്കൽ ഭാവസമൃദ്ധിയുള്ളതും അലങ്കാരസമൃദ്ധവുമാണ്. മണിപ്രവാള സ്വഭാവവും സംസ്കൃതസമ്പന്നമായ പദപ്രയോഗവും കവിതയ്ക്ക് ഔന്നത്യവും ഗരിമയും നൽകുന്നു. ദൃശ്യവൽക്കരണശേഷിയാണ് ഈ കാവ്യത്തിന്റെ

പ്രധാന സവിശേഷത; മഗ്ദലന മറിയത്തിന്റെ കണ്ണുനീർ, അവളുടെ ഭാവവികാരങ്ങൾ, ബാഹ്യ സൗന്ദര്യം, ക്രിസ്തുവിന്റെ ദൈവിക മഹിമ, ഇവയെല്ലാം ശക്തമായി ചിത്രീകരിക്കപ്പെടുന്നു. വികാരതീവ്രത നാടകീയമായി ഉയർത്തിപ്പിടിക്കുന്നതിനാൽ വായനക്കാരന് ഒരു ഭക്തിനാടകത്തിന് സാക്ഷിയാകുന്ന അനുഭവവും ലഭിക്കുന്നു. ഭക്തിഭാവവും ലാവണ്യബോധവും ചേർന്ന ഈ ശൈലി മണിപ്രവാള ഭാഷാശൈലിയുടെ തുടർച്ചയായി കാണാം.

സിസ്റ്റർ മേരി ബനീഞ്ഞയുടെ മാഗിയിൽ ഭാഷ ലളിതവും ആത്മസംഭാഷണപരവുമാണ്. അലങ്കാരപ്രാധാന്യത്തേക്കാൾ ആത്മാനുഭവത്തിന്റെ സത്യസന്ധതയ്ക്കാണ് മുൻഗണന. പ്രാർത്ഥനാത്മകമായ സ്വരം, മൗനവേദന, ദൈവത്തോടുള്ള വ്യക്തിപരമായ സംഭാഷണം എന്നിവ ഭാഷയെ മിസ്റ്റിക് അനുഭവമാക്കി മാറ്റുന്നു. ഇവിടെ ദൃശ്യവൽക്കരണത്തേക്കാൾ ആത്മീയലോകത്തിന്റെ ആഴമാണ് പ്രധാനമാകുന്നത്.

ഇങ്ങനെ താരതമ്യം ചെയ്യുമ്പോൾ, മഗ്ദലനമറിയം ദൃശ്യ-ഭക്തി കാവ്യമെന്ന നിലയിലും, മാഗി ആത്മാന്വേഷണ-മിസ്റ്റിക് കാവ്യമെന്ന നിലയിലും പ്രാധാന്യം നേടുന്നു. ഒന്നിൽ അലങ്കാരസമൃദ്ധിയും ഭംഗിയുമാണ് ശക്തിയെങ്കിൽ മറ്റൊന്നിൽ ലാളിത്യവും ആത്മീയതയുമാണ്. ഈ ശൈലിവ്യത്യാസം തന്നെയാണ് ഇരു കാവ്യങ്ങളുടെയും ആത്മീയ ഭാവലോകത്തെ വ്യത്യസ്ത ദിശകളിലേക്ക് നയിക്കുന്നത്.

## കഥാപാത്രനിർമ്മിതിയും പരിവർത്തനവും:

വള്ളത്തോളിന്റെ മഗ്ദലന മറിയത്തിൽ, ബൈബിളിലെ മറിയത്തിന്റെ പാപജീവിതത്തിൽ നിന്നും പശ്ചാത്താപത്തിന്റെ വഴിയിലേക്കുള്ള പ്രയാണം നേരിട്ട് കാവ്യ രൂപത്തിൽ അവതരിപ്പിച്ചിരിക്കുകയാണ്. പാപിനിയായ മറിയത്തെ കവി ലാവണ്യയുക്തയായി അവതരിപ്പിക്കുമ്പോഴും അവളുടെ അനുതാപത്തിൽ നിന്നുളവാകുന്ന കണ്ണുനീരിനെ മാനസാന്തരത്തിന്റെ അടയാളമായി ഉയർത്തിപ്പിടിക്കുന്നുണ്ട്. മറിയത്തിന്റെ സൗന്ദര്യ വർണ്ണനയിൽ തുടങ്ങി പാപബോധത്താലുള്ള വിലാപത്തിലൂടെ ആത്മീയതയിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന കാവ്യഗതിയാണ് മഗ്ദലനമറിയത്തിന്. ക്രിസ്തുവിന്റെ സന്നിധിയിൽ അവൾ പാപബോധത്തോടെ തകർന്നു വീഴുകയും കണ്ണുനീർ പൊഴിക്കുകയും ചെയ്യുന്നു. ഈ കണ്ണുനീർ അവളുടെ ആത്മശുദ്ധിയുടെ അടയാളമായി മാറുന്നു. അവളുടെ പാപജീവിതത്തിന്റെയും വിശുദ്ധ ജീവിതത്തിന്റെയും ദൃശ്യവൽക്കരണം അങ്ങനെ സാധ്യമാകുന്നു.

മാഗിയിൽ പരിവർത്തനം ഒരു ദീർഘവും സങ്കീർണ്ണവുമായ പ്രക്രിയയാണ്. കഷ്ടപ്പാടുകളിലൂടെയും നിരാശയിലൂടെയും ആത്മസംശയങ്ങളിലൂടെയും കടന്നുപോയാണ് മാഗി വിശുദ്ധിയിലേക്കുയരുന്നത്. അവളുടെ പരിവർത്തനം ഒരു ഏകഘട്ട നാടകീയ അനുഭവമല്ല; മറിച്ച് ആത്മസംഘർഷങ്ങളും സഹനങ്ങളും ഉൾക്കൊള്ളുന്ന ജീവിതയാത്രയാണ്. മാഗി സമൂഹത്തിൽ നിരസിക്കപ്പെട്ടവളായിരുന്നാലും, അവളുടെ ആത്മീയ വളർച്ച ദൈവത്തോടുള്ള നിരന്തര സംഭാഷണത്തിലൂടെയാണ് രൂപപ്പെടുന്നത്. ശരീരവും ആത്മാവും തമ്മിലുള്ള പോരാട്ടം, ആത്മവ്യഥ, ദൈവകൃപയിലേക്കുള്ള യാത്ര, ഇവയൊക്കെയാണ് അവളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്. ഇവിടെ പരിവർത്തനം ഒരു 'മുഹൂർത്തം' അല്ല, മറിച്ച് ഒരു 'മാർഗം' ആണ്. തന്റെ കുഞ്ഞിനെ തന്നെ 'കുരിശായി' ഏറ്റെടുക്കുന്ന അവളുടെ തീരുമാനം, ബൈബിളിലെ പ്രായശ്ചിത്ത ദർശനത്തെ കാവ്യാത്മകമായി പുനർവായിക്കുന്നു. ഇവിടെ പരിവർത്തനം ഒരു നിമിഷമല്ല; ജീവിതം മുഴുവൻ നീളുന്ന യാത്രയാണ്.

മാഗിയെ മഗ്ദലന മറിയവുമായി കാവ്യം നേരിട്ടാണ് ബന്ധിപ്പിക്കുന്നത്. ഭാഗ്യഹീന, മഹാദോഷി, പാപിഷ്ഠ - എന്ന് കാവ്യത്തിൽ മാഗി തന്നെത്തന്നെ കുറ്റപ്പെടുത്തുന്നു. ഇതേ മനോഭാവമാണ് മഗ്ദലമറിയത്തിനും ഉണ്ടായിരുന്നത്. രണ്ടു പേരും ആവശ്യത്തിലധികം സ്വയം കുറ്റപ്പെടുത്തുകയും ഏറ്റു പറയുകയും ചെയ്യുന്നു. തുടർന്ന് അവരുടെ പശ്ചാത്താപമാണ് അവരെ രക്ഷയിലേക്ക് നയിക്കുന്നത്. മറിയത്തെ

"ശ്രീയേശുദേവന്റെ തൃപ്പാദഭക്തയാ-
മായോഗിനി മേരിമഗ്ദലേനാ-
വേദാന്തകീർത്തിതയാണെന്നിരിക്കിലു-
മീദൈവഭക്തിയിൽ തെല്ലുകുടി
വിശ്വാസം ധീരതയൊക്കെയുമുണ്ടെന്നു
വിശ്വസിച്ചീടണം ന്യായമായി"

 ISSN No: 3049-0316 

എന്ന് മാഗിയിൽ പറയുന്നു. ആഴത്തിലുള്ള പശ്ചാത്താപത്തിന്റെയും അചഞ്ചലമായ ഭക്തിയുടെയും പ്രതിരൂപമാണ് ബൈബിളിലെ മഗ്ദലന. മാഗിയുടെ തീവ്രമായ സ്വയം പഴിക്കൽ "മഹാപാപി ഞാൻ", "ധൂർത്തയായ് വളർന്നു ഞാൻ" എന്നിവ ആഴത്തിലുള്ള കുറ്റബോധത്തിന്റെ അടയാളപ്പെടുത്തലുകളാണ്.

മാഗിയുടെ വിശ്വാസവും ധീരതയും മഗ്ദലന മറിയത്തെക്കാൾ വലുതായിരിക്കാം എന്ന് കാവ്യം സന്ദേഹിക്കുന്നുണ്ട്. കാരണം മറിയത്തെപ്പോലെ യേശുവിന്റെ സാമീപ്യം അനുഭവിക്കാനോ നേരിട്ട് കേൾക്കുവാനോ അവൾക്ക് കഴിഞ്ഞിരുന്നില്ല. മാഗിയെ മഗ്ദലന മറിയവുമായി താരതമ്യം ചെയ്യുന്നത് ഇക്കാരണങ്ങൾ കൊണ്ടല്ല, മറിച്ച് യേശുവുമായി നേരിട്ടുള്ള ഇടപെഴകലിന്റെ അഭാവത്തെക്കുറിച്ചുള്ള ഊന്നലിനൊപ്പം, അവളുടെ അതിയായ കഷ്ടപ്പാടും സാമൂഹിക തിരസ്കരണവും അവളുടെ വിശ്വാസത്തിന് കൂടുതൽ ആഴം നൽകി എന്നതിനാലാണ്. അവളുടെ ഭക്തി അത്ഭുതകരമായ രോഗശാന്തിയിൽ നിന്നോ നേരിട്ടുള്ള പഠിപ്പിക്കലിൽ നിന്നോ അല്ല, മറിച്ച് അവൾ ആഴത്തിലുള്ള വിശ്വാസത്തിൽ ബലപ്പെട്ടു എന്നതിലാണ്.

**അനുതാപം, കരുണ, മിസ്റ്റിസിസം – മഗ്ദലനമറിയവും മാഗിയും:**

മഗ്ദലനമറിയത്തിൽ അനുതാപം നാടകീയവും ദൃശ്യവൽക്കരണാത്മകവുമായ അനുഭവമാണ്. മറിയം യേശുവിന്റെ പാദങ്ങളിൽ വീണു കണ്ണുനീർ പൊഴിക്കുന്ന രംഗമാണ് കാവ്യത്തിന്റെ വികാരകേന്ദ്രമായി മാറുന്നത്. കണ്ണുനീർ ആത്മശുദ്ധിയുടെ പ്രതീകമായി ഉയരുന്നു. ഇവിടെ അനുതാപം ഒരു നിർണായക നിമിഷത്തിൽ സംഭവിക്കുന്ന ആത്മീയ ഉണർവ്വാണ്. പാപജീവിതത്തിൽ നിന്ന് വിശുദ്ധജീവിതത്തിലേക്കുള്ള വ്യക്തമായ പരിണാമം. അതേസമയം, മാഗിയിൽ അനുതാപം ദീർഘമായ ആത്മസംഘർഷമാണ്. അത് ഒരു ഏക നാടകീയ മുഹൂർത്തത്തിൽ ഒതുങ്ങുന്നില്ല; മറിച്ച് ജീവിതം മുഴുവൻ നീളുന്ന ഒരു അന്തർപ്രക്രിയയാണ്. ശാരീരികവും ആത്മീയവുമായ സംഘർഷം, സ്വയംപരിശോധന എന്നിവയിലൂടെ മാഗി ആത്മപരിവർത്തനത്തിലേക്ക് ഉയരുന്നു. ഇവിടെ അനുതാപം ശാന്തവും ധ്യാനപരവുമായ ആത്മയാത്രയാണ്.

മഗ്ദലനമറിയത്തിൽ ദൈവിക കരുണയെ മഹത്വവൽക്കരിച്ചാണ് അവതരിപ്പിക്കപ്പെടുന്നത്. സമൂഹം നിരസിച്ച മറിയത്തെ യേശുക്രിസ്തു സ്വീകരിക്കുന്നു. ദൈവത്തിന്റെ ക്ഷമ ഇവിടെ സാർവലൗകിക സ്നേഹത്തിന്റെ അടയാളമായി നിലകൊള്ളുന്നു. കരുണയുടെ പ്രകാശത്തിലാണ് മറിയത്തിന്റെ ജീവിതം പുനർസ്ഥാപിക്കപ്പെടുന്നത്. എന്നാൽ മാഗിയിൽ കരുണ കൂടുതൽ അന്തർമുഖവും വ്യക്തിപരവുമാണ്. ഇവിടെ ദൈവം ഒരു മഹത്വചിഹ്നമായി കാണുന്നതിലുപരി സ്വയം തിരിച്ചറിവിലൂടെയുള്ള ആത്മീയസാന്നിധ്യമായി അവതരിപ്പിച്ചിരിക്കുന്നു. മാഗിയുടെ ദുരിതങ്ങളിലും ഏകാന്തതയിലും ദൈവിക കരുണ സഹയാത്രികനായി അനുഭവപ്പെടുന്നു. ഇവിടെ കരുണ ഒരു പ്രഖ്യാപനമല്ല; ഒരു ആത്മബന്ധമാണ്.

മഗ്ദലനമറിയത്തിൽ മിസ്റ്റിസിസം പരിമിതമായ രൂപത്തിൽ മാത്രമേ കവി ഉപയോഗിച്ചിട്ടുള്ളൂ. മഗ്ദലനമറിയത്തിന്റെ ഭൗതികജീവിതത്തിന്റെ വർണ്ണനയ്ക്ക് നൽകിയിരിക്കുന്ന അമിത പ്രാധാന്യവും ആത്മീയ ഉണർവ്വിനെ ഒരു ചടുല വൈകാരിക അവസ്ഥയാക്കി ചിത്രീകരിച്ചതും ഭക്തിനാടക പ്രസ്ഥാനത്തിന്റെ തുടർച്ചയായി ഈ കാവ്യത്തെ ബന്ധിപ്പിക്കാൻ കാരണമാകുന്നു. വായനക്കാരന് ഒരു ആത്മീയ താദാത്മ്യപ്പെടൽ നൽകാൻ വള്ളത്തോളിന്റെ കാവ്യത്തിന് സാധിക്കാതെ പോകുന്നതും അതേ കാരണങ്ങൾ കൊണ്ടാണ്. അതേസമയം, മാഗിയിൽ മിസ്റ്റിസിസം ശക്തമായി പ്രത്യക്ഷപ്പെടുന്നു. ദൈവത്തോടുള്ള നേരിട്ടുള്ള ആത്മസംഭാഷണം, സഹനത്തിലൂടെ ദൈവത്തിൽ ലയിക്കാനുള്ള ആകാംക്ഷ, ആത്മീയ ഏകത്വബോധം എന്നിവ കാവ്യത്തെ മിസ്റ്റിക് അനുഭവമാക്കി മാറ്റുന്നു. ദൈവം ഇവിടെ ഒരു പുറംശക്തിയല്ല; ആത്മാവിന്റെ അന്തർലോകത്തിൽ അനുഭവപ്പെടുന്ന സാന്നിധ്യമാണ്.

ഇരുകാവ്യങ്ങളിലും അനുതാപം ആത്മപരിവർത്തനത്തിന്റെ തുടക്കമാണ്; കരുണ അതിന്റെ നിറവാണ്. എന്നാൽ മഗ്ദലനമറിയത്തിൽ ഇത് ദൃശ്യ-നാടകീയ ഭക്തി അനുഭവമായി ഉയരുമ്പോൾ, മാഗിയിൽ അത് ആത്മാന്വേഷണവും മിസ്റ്റിക് ലയനവുമാകുന്നു. ഒന്നിൽ ദൈവിക ക്ഷമയുടെ മഹിമ ഉച്ചരിക്കപ്പെടുമ്പോൾ, മറ്റൊന്നിൽ ദൈവസ്നേഹത്തിന്റെ ആന്തരിക അനുഭവമാണ് പ്രാധാന്യം നേടുന്നത്. ഈ വ്യത്യാസം തന്നെയാണ് ഇരു കവിതകളുടെയും ആത്മീയ ഭാവലോകത്തെ വ്യത്യസ്ത തട്ടുകളിൽ നിലനിർത്തുന്നത്.

ISSN No: 3049-0316
വാല്യം 2 ലക്കം 4 ജൂലൈ 2026

## ഉപസംഹാരം

മഗ്ദലനമറിയവും മാഗിയും അനുതാപത്തിന്റെ ആത്മീയ സാരത്തെ വ്യത്യസ്ത ദൃഷ്ടികളിലൂടെ അവതരിപ്പിക്കുന്ന ഖണ്ഡകാവ്യങ്ങളാണ്. പാപബോധത്തിൽ നിന്ന് ദൈവസന്നിധിയിലേക്കുള്ള മടക്കയാത്ര എന്ന അടിസ്ഥാന പ്രമേയം ഇരു കാവ്യങ്ങളിലും ഒരേപോലെ നിലനിൽക്കുന്നുവെങ്കിലും, അവതരണരീതിയിലും ആത്മീയ അനുഭവത്തിന്റെ ആഴത്തിലും വ്യക്തമായ വ്യത്യാസങ്ങൾ കാണാം. പുരുഷ കർത്തൃത്വത്തിൽ രൂപം കൊണ്ട വള്ളത്തോൾ നാരായണമേനോൻ രചിച്ച മഗ്ദലനമറിയം ദൃശ്യവൈകാരികതയുടെയും നാടകീയ ഭക്തിഭാവത്തിന്റെയും ഭംഗിയിൽ അനുതാപത്തെ ഉയർത്തിപ്പിടിക്കുമ്പോൾ, സിസ്റ്റർ മേരി ബനീഞ്ഞയുടെ മാഗി ആത്മസംഘർഷങ്ങളിലൂടെ ദൈവസാന്നിധ്യം തേടുന്ന ഒരു മിസ്റ്റിക് യാത്രയായി പരിവർത്തനത്തെ അവതരിപ്പിക്കുന്നു.

ഇരുകാവ്യങ്ങളിലും സ്ത്രീകൾ സാമൂഹികമായി അപലപിക്കപ്പെട്ടവരായിരിക്കുമ്പോഴും, അവരുടെ ആത്മീയ പുനർജനനം ദൈവകൃപയുടെ കരുണാലോകത്തിലാണ് സഫലമാകുന്നത്. മഗ്ദലനമറിയത്തിൽ പരിവർത്തനം ഒരു നിർണായക നിമിഷത്തിന്റെ വികാരപ്രക്ഷുബ്ധതയായി പ്രത്യക്ഷപ്പെടുമ്പോൾ, മാഗിയിൽ അത് ജീവിതം മുഴുവൻ നീളുന്ന ആത്മാന്വേഷണമായി വികസിക്കുന്നു. ഈ വ്യത്യാസം പുരുഷദൃഷ്ടിയും സ്ത്രീഅനുഭവവും തമ്മിലുള്ള സൃഷ്ടിപരമായ ഭിന്നതയെ വ്യക്തമാക്കുന്നു.

അതുകൊണ്ട്, അനുതാപം ഇവിടെ ഒരു ദൗർബല്യമോ കുറ്റബോധത്തിന്റെ അടയാളമോ അല്ല; മറിച്ച് ആത്മാവിനെ ശുദ്ധീകരിക്കുന്ന അഗ്നിശുദ്ധിയാണ്. സമൂഹം നിരസിച്ച സ്ത്രീകളുടെ ജീവിതം ദൈവിക കരുണയിൽ പുനസ്ഥാപിക്കപ്പെടുന്നതിലൂടെ ഈ കാവ്യങ്ങൾ മനുഷ്യജീവിതത്തിന്റെ സർവ്വകാലപ്രസക്തമായ സത്യത്തെ പ്രഖ്യാപിക്കുന്നു; പാപത്തിന്റെ ഇരുൾ എത്ര ശക്തമായാലും, അനുതാപത്തിന്റെ അഗ്നി അതിനെ ദഹിപ്പിച്ച് ആത്മീയ പ്രകാശത്തിലേക്കു നയിക്കുമെന്ന്.

ഇങ്ങനെ നോക്കുമ്പോൾ, മഗ്ദലനമറിയവും മാഗിയും മലയാള സാഹിത്യത്തിൽ ക്രിസ്തീയ ആത്മീയതയുടെ രണ്ടു വ്യത്യസ്ത, എന്നാൽ പരസ്പരം പൂരകമായ പ്രതിരൂപങ്ങളായി നിലകൊള്ളുന്നു. അനുതാപത്തിന്റെ അഗ്നിശുദ്ധിയിലൂടെ സ്ത്രീയുടെ ആത്മപരിവർത്തനത്തെ ഉയർത്തിക്കാട്ടുന്ന ഈ കാവ്യങ്ങൾ താരതമ്യസാഹിത്യ പഠനങ്ങളിൽ സ്ഥിരപ്രാധാന്യമുള്ളവയായി തുടരുകയും ചെയ്യും.

## റഫറൻസ്

1. വിശുദ്ധ ബൈബിൾ
2. കുമ്പളക്കുഴി, കുര്യാസ് (ഡോ.). ബെനീഞ്ഞാക്കവിതകൾ സമ്പൂർണ സമാഹാരം, ദീപനാളം പബ്ലിക്കേഷൻസ്, പാലാ, 2020
3. നാരായണ മേനോൻ, വള്ളത്തോൾ. മഗ്ദലനമറിയം, വള്ളത്തോൾ മുദ്രാലയം, കുന്നംകുളം, 1102.
4. ലീലാകുമാരി, എം (ഡോ.). ബൈബിളിലെ സ്ത്രീദർശനം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2008
5. കുടിലിൽ, ജോർജ് (ഡോ.). പുതിയ നിയമം ഒരു ആമുഖ പഠനം, ഗുഡ് ഷെപ്പേഡ് ബുക്സ്, കണ്ണൂർ, 2009
6. ദിവാകരൻ, ഷീബ (ഡോ.). പെൺകവിത മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014